## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3950 — 15/03/2017-ൽ മറുപടിക്ക്

### വൈദ്യുതാഘാതം മൂലമുള്ള മരണങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി.യുടെ 2006 മുതൽ 2016 വരെയുള്ള കണക്ക് പ്രകാരം ശരാശരി 175 പേർ വൈദ്യുതി ആഘാതമേറ്റ് മരിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരത്തിൽ മരണപ്പെടുന്നവരിൽ ഭൂരിഭാഗവും (75 ശതമാനത്തോളം) പൊതുജനങ്ങളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ മരണപ്പെട്ടവരിൽ 75 ശതമാനത്തോളം പൊതുജനങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈകൊള്ളേണ്ട സുരക്ഷാ നടപടി സംബന്ധിച്ച് സ്കൂൾതലം മുതൽ ബോധവൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സ്കൂൾവർഷാരംഭത്തിൽ മിക്കവാറും എല്ലാ സ്കൂളുകളിലും (പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിൽ ) വീഡിയോ ഡിസ്കുകൾ ഉപയോഗിച്ച് പ്രദർശനം നടത്തുന്നുണ്ട്. സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കാർട്ടൂൺ, നെയിം സ്ലിപ്പുകൾ, (40 ലക്ഷം) സ്കൂളുകളിൽ വിതരണം ചെയ്യുന്നുണ്ട്. സ്കൂളുകളിൽ വൈദ്യുതി സുരക്ഷാ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. സ്കൂൾ അസംബ്ലിയിലും ഇന്റർവെൽ സമയങ്ങളിലും സുരക്ഷയെ സംബന്ധിച്ച ഓഡിയോ ക്ലിപ്പുകൾ കേൾപ്പിക്കുന്നുണ്ട്. ഇവയൊക്കെ വീണ്ടും വീണ്ടും ചെയ്യുന്നതിനായി ഇതിന്റെ സിഡികൾ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി സുരക്ഷാ സംബന്ധമായ ധാരാളം ലഘുലേഖകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നുണ്ട്. |

പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാ ബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ ന്യൂസ് ക്ലിപ്പിങ്ങ്സ് സുരക്ഷാബോധ പരസ്യങ്ങൾ ദൃശ്യ / ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ചെയ്യുന്നുണ്ട്. വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക, സെക്ഷൻ ഓഫീസുകളിലും കാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും, വിശിഷ്യാ ഫാബ്രിക്കേഷൻ വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രെയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ടും മൈക്ക് ഓപ്പറേറ്റർമാർ മുഖേനയും പൊതു സ്ഥലങ്ങളിലും ഉത്സവ സ്ഥലങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന മറ്റിടങ്ങളിലും വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ മൈക്കിലൂടെ കേൾപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവത്ക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ